# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 490 25.10.2016- ൽ മറുപടിക്ക്**

**"യുവസംരംഭകത്വ വികസന പദ്ധതി"**

**ചോദ്യം** **ഉത്തരം**

**ശ്രീ.എം. സ്വരാജ്**
**,, പി.വി. അൻവർ**
**,, കെ. ബാബു**
**,, ഡി.കെ. മുരളി**

**ശ്രീ. പിണറായി വിജയൻ**
**(ബഹു. മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | യുവസംരംഭകത്വ വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) & ബി) | യുവതലമുറയെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക, യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്കാവശ്യമായ പ്രചോദനം നൽകുക, വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, നൂതന ആശയങ്ങളുടെ പ്രദർശനത്തിനായുള്ള വേദിയൊരുക്കുക എന്നിവയാണ് യുവ സംരംഭക പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ<br>യുവസംരംഭകർ മുന്നോട്ടു വയ്ക്കുന്ന അടിസ്ഥാന ആവശ്യങ്ങളായ സാമ്പത്തിക സഹായവും മെന്ററിംഗും, ഇൻകുബേഷൻ സെന്ററുകൾ മുഖേനയുള്ള സഹായങ്ങളും സ്റ്റാർട്ട് അപ് മിഷനിലൂടെ ലഭ്യമാക്കുന്നുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | | |
| സി) | ഏത് ഏജൻസി മുഖേനയാണ് ഇത് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | സി) | ഐ.റ്റി/ ഐ.റ്റി ഇതര മേഖലകളിലെ യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി കേരള സ്റ്റാർട്ട് അപ്പ് മിഷൻ, കെ.എസ്.ഐ.ഡി.സി, കെ.എഫ്.സി തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. |
| ഡി) | പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | ഡി) & ഇ) | യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്കാവശ്യമായ പ്രചോദനവും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും നൽകുകയും അവരുടെ നൂതന ആശയങ്ങളുടെ പ്രദർശനത്തിന് വേദിയൊരുക്കുകയുമാണ് യുവസംരംഭക പദ്ധതിയുടെ ലക്ഷ്യം. യുവസംരംഭകർ മുന്നോട്ടു വയ്ക്കുന്ന അടിസ്ഥാന ആവശ്യങ്ങളായ സാമ്പത്തിക സഹായവും മെന്ററിംഗും ഇൻക്യുബേഷൻ സെന്ററുകൾ |
| ഇ) | വിദ്യാർത്ഥികളിൽ സംരംഭകത്വത്തിനുള്ള താല്പര്യം ജനിപ്പിക്കുന്നതിനും യുവാക്കളെ മികച്ച | | |

| | | | |
|---|---|---|---|
| | സംരംഭകരാക്കുന്നതിനുള്ള നൂതന ആശയങ്ങൾ ആവിഷ്കരിക്കുന്നതിനും പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | മുഖേനയുള്ള സഹായങ്ങളും സ്റ്റാർട്ട് അപ്പ് മിഷനിലൂടെ ലഭ്യമാക്കുന്നുണ്ട്.<br><br>യുവസംരംഭകർക്കാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനായി കെ.എസ്.ഐ.ഡി.സി. യിൽ ഒരു സീഡ് ഫണ്ടിങ്ങ് സ്കീം ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ കാക്കനാട്ടുള്ള ഇൻഫോപാർക്ക് ക്യാമ്പസിലും അങ്കമാലിയിലെ ഇൻകെൽ ക്യാമ്പസിലും കെ.എസ്.ഐ.ഡി.സി.യുടെ ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്ക് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ വിവിധ കോളേജുകൾ/ യൂണിവേഴ്സിറ്റികളുമായി സഹകരിച്ച് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ഇതുവഴി കേരളത്തെ യുവ സംരംഭകരുടെ സംരംഭകത്വ കേന്ദ്രമാക്കി മാറ്റുവാനാണ് ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**